പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 157

# 2012-ലെ കേരള പഞ്ചായത്ത് രാജ് (നാലാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 157

# 2012-ലെ കേരള പഞ്ചായത്ത് രാജ് (നാലാം ഭേദഗതി) ബിൽ

2159/2012.

# 2012-ലെ കേരള പഞ്ചായത്ത് രാജ് (നാലാം ഭേദഗതി) ബിൽ

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള പഞ്ചായത്ത് രാജ് (നാലാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 35-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 35-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (പി) ഖണ്ഡത്തിൽ, "രണ്ടു തവണ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "മൂന്നു തവണ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2012-ലെ 54) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2010 നവംബർ 1-നുശേഷം ഭരണസമിതി നിലവിൽവന്ന മിക്ക ഗ്രാമപഞ്ചായത്തുകളിലും, തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നാൽ ഗ്രാമസഭ വിളിച്ചുകൂട്ടരുത് എന്ന ധാരണ നിലനിന്നതിനാൽ 2011 ഫെബ്രുവരിക്കുശേഷം കൃത്യമായി ഗ്രാമസഭ വിളിച്ചുകൂട്ടുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരംഗം

സമയപരിധിക്കുള്ളിൽ ഗ്രാമസഭ വിളിച്ചുകൂട്ടിയില്ല എന്ന കാരണത്താൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 35-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (പി) ഖണ്ഡ പ്രകാരം ഒരംഗമായി ഉദ്യോഗത്തിൽ തുടരാൻ അർഹനല്ലാതായിത്തീരുന്നതാണ്. ആയതി നാൽ, അങ്ങനെയുണ്ടായേക്കാവുന്ന അയോഗ്യത ഒഴിവാക്കുന്നതിനായി അംഗങ്ങൾക്ക് നിയമപരമായ പരിരക്ഷ നൽകണമെന്ന് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചുകഴിഞ്ഞാൽ ഗ്രാമസഭ കൂടരുതെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിലും ഈ വിഷയത്തിൽ പ്രായോഗികത മുൻനിർത്തി പെരുമാറ്റച്ചട്ടം നിലനിന്നിരുന്ന സമയത്ത് ഗ്രാമസഭായോഗം വിളിച്ചുകൂട്ടാതിരുന്ന പഞ്ചായത്തംഗങ്ങളെ പ്രസ്തുത ഖണ്ഡപ്രകാരം അയോഗ്യരാക്കു ന്നതിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നിയമപരിരക്ഷ നൽകുന്നത് അഭികാമ്യ മായിരിക്കും എന്ന് സർക്കാർ കരുതുന്നു.

2. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ഗ്രാമസഭ വിളിച്ചുകൂട്ടാൻ കഴിയാത്തതുമൂലം ഗ്രാമപഞ്ചായത്തംഗങ്ങൾക്ക് അംഗമായി തുടരാൻ ഉണ്ടായേക്കാവുന്ന അയോഗ്യത ഒഴിവാക്കുന്നതിനായി പ്രസ്തുത ആക്റ്റിന്റെ 35-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (പി) ഖണ്ഡത്തിൽ "രണ്ടുതവണ" എന്ന വാക്കുകൾക്ക് പകരം "മൂന്നുതവണ" എന്ന വാക്കുകൾ ചേർത്ത് ഭേദഗതി ചെയ്യാനും പ്രസ്തുത ഭേദഗതിക്ക് ഇപ്പോൾ നിലവിലുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ നിലവിൽവന്ന 2010 നവംബർ 1-ാം തീയതി മുതൽ മുൻകാല പ്രാബല്യം നൽകാനും സർക്കാർ തീരുമാനിച്ചു.

3. പ്രസ്തുത വകുപ്പ് ഭേദഗതി ചെയ്യുന്നതിനായി 2012-ലെ കേരള പഞ്ചായത്ത് രാജ് (നാലാം ഭേദഗതി) ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 124-ാം നമ്പർ ബില്ലായി പ്രസിദ്ധപ്പെടുത്തിയെങ്കിലും, ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻപ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2012-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ് 2012 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 54-ാം നമ്പർ ഓർഡിനൻസായി 2012 സെപ്റ്റംബർ 26-ാം തീയതിയിലെ 1920-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. 2012-ലെ 54-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

എം. കെ. മുനീർ.

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** **

35. അംഗങ്ങളുടെ അയോഗ്യതകൾ.—(1) 36-ാം വകുപ്പിലെയോ അല്ലെങ്കിൽ 102-ാം വകുപ്പിലെയോ വ്യവസ്ഥകൾക്ക് വിധേയമായി, ഒരാൾ,—

(എ) 34-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വിവരിച്ചപ്രകാരം കുറ്റക്കാരനാണെന്ന് കാണുകയോ അപ്രകാരമുള്ള കുറ്റത്തിന് വിധിക്കപ്പെട്ടിരിക്കുകയോ, അഥവാ

** ** **

** ** **

** ** **

(ഒ) പഞ്ചായത്തിനുണ്ടായ നഷ്ടത്തിനോ പാഴാക്കലിനോ ദുർവിനിയോഗത്തിനോ ഉത്തരവാദിയായിരിക്കുകയോ ; അഥവാ

(പി) താൻ കൺവീനറായിരിക്കുന്ന ഗ്രാമസഭയുടെ യോഗം മൂന്നുമാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ചയായി രണ്ടുതവണ വീഴ്ചവരുത്തുകയോ; അഥവാ

(ക്യു) 159-ാം വകുപ്പുപ്രകാരം നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്റെ ആസ്തിയെ സംബന്ധിച്ചുള്ള പ്രസ്താവം നൽകുന്നതിൽ പരാജയപ്പെട്ടിരിക്കുകയോ;

(ആർ) 153-ാം വകുപ്പ് (13എ) ഉപവകുപ്പുപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാനമേറ്റെടുക്കുന്നതിൽ വീഴ്ചവരുത്തുകയോ,

ആണെങ്കിൽ അയാൾ ഒരംഗമായി ഉദ്യോഗത്തിൽ തുടരാൻ പാടില്ലാത്തതാണ്.

** ** **